## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1072 05.02.2020-ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സ്ഥാനക്കയറ്റം**

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലുള്ള ഡിപ്പാർട്ട്മെന്റൽ സീനിയോറിറ്റി പട്ടികയിലെ പിഴവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദ വിവരം നൽകുമോ; | (എ) 02-01-2013-ലെ എക്സ്.ഡി-2499/2010 (Vol.II) നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 01-07-2003 മുതൽ 31-12-2008 വരെയുള്ള എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ചുകൊണ്ട് ശ്രീ.എ.നിഷാദ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A(EKM) 1666/16 നമ്പരായും ശ്രീ.എസ്.രാധാകൃഷ്ണനും കൂട്ടരും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A(EKM) 2020/17 നമ്പരായും, അന്യായം ഫയൽ ചെയതിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത പിഴവുകൾ പരിഹരിക്കാതെയും 08.10.2015-ലെ സർക്കാർ ഉത്തരവ് 7180/F1/13/TD യിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും കഴിഞ്ഞ നാലുവർഷമായി നടന്നുവരുന്ന അനധികൃത സ്ഥാനക്കയറ്റങ്ങൾ റദ്ദുചെയ്യുന്നതിനും ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (ബി) സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായിട്ടാണ് ഇതുമായി ബന്ധപ്പെട്ട സ്ഥാനക്കയറ്റ ഉത്തരവുകൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ടി കേസുകളുടെ അന്തിമ വിധിക്കനുസൃതമായി മാത്രമേ പ്രസ്തുത ഉത്തരവുകളിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

| | | |
|---|---|---|
| (സി) OA(EKM) 1666/16-ാം നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.05.2018-ലെ വിധിയിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും | OA (EKM)1666/16- നമ്പർ അന്യായത്തിൻമേൽ 21-05-2018 ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ 1st Respondent (സർക്കാർ) Annexure A11 പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് ഉത്തരവിട്ടിട്ടുള്ളത്. ടി വിഷയം സർക്കാർ സമയബന്ധിതമായി പരിശോധിച്ചു വരികയാണ്. |
| (ഡി) പ്രസ്തുത കേസിലെ തുടർനടപടികളിൽ ഉദ്യോഗസ്ഥതലത്തിലെ മനഃപൂർവ്വമായ കാലതാമസം കോടതിയലക്ഷ്യമാകും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ